**KERALA POLICE INFORMATION CENTRE**

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.236/PR/PIC/PHQ/18 Date:21.09.2018

**ഗതാഗത നിയമ ലംഘനത്തിനെതിരെ നടപടിക്ക് നിർദ്ദേശം**

സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾക്കെതിരെ നടപടി ശക്തമാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദേശം നല്കി. ആലുവ -വൈറ്റില മെട്രോ റോഡിലെ ഗതാഗത നിയമലംഘനങ്ങൾ സംബന്ധിച്ച് നിരവധി പരാതികളും റോഡ് സുരക്ഷാ വിദഗ്ധരുടെ അഭിപ്രായങ്ങളും ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ് നിർദേശം. സംസ്ഥാനത്തെ വിവിധഭാഗങ്ങളിൽ നിന്ന് നിയമലംഘനവും ഗതാഗത സ്തംഭനവും സംബന്ധിച്ച പരാതികൾ എം.എൽ.എ.മാരുൾപ്പെടെയുള്ള ജനപ്രതിനിധികളിൽ നിന്നും ലഭിച്ചതായും പോലീസ് മേധാവി പറഞ്ഞു.

ഹെൽമറ്റ് / ചിൻ സ്ട്രാപ്പുകൾ ധരിക്കാതെയുള്ള ഇരുചക്രവാഹന യാത്ര, വാഹനങ്ങളുടെ ഇടതു വശത്തുകൂടിയുള്ള ഓവർടേക്കിങ്, വൺവേ തെറ്റിക്കൽ, രണ്ടു വാഹനങ്ങൾക്കിടയിലുള്ള അലക്ഷ്യമായ ഡ്രൈവിങ്, റോഡ് മുറിച്ചു കടക്കുന്നവർക്ക് സീബ്രാ ലൈനുകളിൽ വാഹനം നിറുത്തിക്കൊടുക്കാതിരിക്കുക, അമിത വേഗം, അപകടകരമായ ഓവർടേക്കിങ്, മഞ്ഞ-വെള്ള ബോർഡർ വരകൾക്കു പുറത്തു കൂടിയുള്ള യാത്ര, സിഗ്നൽ ലംഘിക്കുക, എതിർദിശയിൽ വാഹനം വരുമ്പോൾ ഓവർടേക്ക് ചെയ്യുക, ലെയ്ൻ ട്രാഫിക് നിയമങ്ങൾ പാലിക്കാതിരിക്കുക, വലിയ ട്രാഫിക് ബ്ലോക്ക് ഉണ്ടാകുന്ന സന്ദർഭങ്ങളിൽ ക്യൂ പാലിക്കാതിരിക്കുക, ലെയ്ൻ മാർക്കിങ്ങുകളിൽ കൂടി വാഹനം ഓടിക്കുക, മുറിയാത്ത വെള്ളവരകൾ ഉള്ള ഭാഗങ്ങൾ വഴി ക്രോസ് ചെയ്യുക, ഓവർടേക്ക് ചെയ്യുക, റോഡ് സ്റ്റോപ്പ് ലൈനുകൾ കടന്ന് വാഹനം നിറുത്തുക തുടങ്ങിയ ഗതാഗത നിയമലംഘനങ്ങൾ, വാഹനയാത്രികനും, സഹയാത്രികനും കാൽനടയാത്രക്കാർക്കും അപകടങ്ങൾ സംഭവിക്കുന്നതിന് ഒരുപോലെ കാരണമാകുന്നു. ഇവ തടയുന്നതിന് എല്ലാ ജില്ലാപോലീസ് മേധാവിമാരും ആവശ്യമായ ബോധവത്കരണ- നിയമ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കി.

********************